# MARKAZ edu JOURNAL

www.markaz.edu.in
edujournal@markaz.in

**2020**
November - December
Vol. 2 / Issue 4

markaz
shaping a culture




## മർകസ് നോളജ് സിറ്റിയിൽ പ്രവാസികൾക്കായി പുതിയ സംരംഭങ്ങൾ ഒരുങ്ങുന്നു

## എൻ.ഇ.പി രാജ്യത്തിന്റെ വൈവിധ്യത്തെ ഉൾക്കൊള്ളണം

## ACADEMIC COLLABORATIONS OF

# JAMIA MARKAZ

Al-Azhar University, Cairo, Egypt.
Al Qasimia University, Sharjah, UAE.
Aligarh Muslim University (AMU) Aligarh.
Moulana Azad National Urdu University (MANUU), Hyderabad.
Ez-Zitouna University, Montfleury, Tunisia.
Jamia Millia Islamia, New Delhi.
International Islamic University of Malaysia, (IIUM) Kuala Lampur, Malaysia.
International Medical University, Bishkek, Kyrgyzstan.
Üsküdar University, Istanbul, Turkey.
The World Islamic Science and Education University, Amman, Jordan.
Institute Agama Islam Negeri (IAIN) Bengkulu, Indonesia.
Fatih Sultan Mehmet Vakif University (FSMVU), Istanbul, Turkey.
Jamia Al Karam, UK.
Dar Al Mustafa, Yemen.
Universiti Kebangsaan Malaysia (National University of Malaysia, UKM).
Jamia Singapore.
Islamic University of Science & Technology, Awantipora, Jammu & Kashmir.
University of al-Qarawiyyin, Fez, Morocco.
Jamia Hamdard, New Delhi.



# CHANCELLOR TALKS

ഓരോ പ്രതിസന്ധികളും പുതിയ ലോകത്തേക്കുള്ള വഴികൾ തുറക്കും. യുദ്ധങ്ങൾക്കും പ്രകൃതി ദുരന്തങ്ങൾക്കും ശേഷം ഉയിർത്തെഴുനേൽക്കുന്ന സമൂഹങ്ങളെ വീക്ഷിച്ചാൽ ഇതു ബോധ്യമാകും. ദുരന്ത സമാന കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ഇത്തരത്തിൽ ലോകത്തെയാകെ നിശ്ചലമാക്കിയ അനുഭവം ലോക ചരിത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടില്ല. കോവിഡ്-19 മാഹാമാരിയായി കണക്കാക്കപ്പെടുന്നത് ഇത്തരമൊരു പശ്ചാത്തലത്തിലാണ്. കണക്കുകൾ പരിശോധിച്ചാൽ ലോക യുദ്ധങ്ങൾ, സ്പാനിഷ് ഫ്ളൂ, കോളറ തുടങ്ങി ഏറെ രാജ്യങ്ങളെ സ്വാധീനിച്ച സംഭവങ്ങളൊന്നും ലോകത്ത് എല്ലായിടത്തും എല്ലാ തരം ജനങ്ങളെയും പൂർണമായും ബാധിച്ചിട്ടില്ല. എന്നാൽ കോവഡ് 19 ലോകത്ത് മിക്ക രാജ്യങ്ങളിലും ജനങ്ങളയാകെ ബാധിക്കുകയോ പകർച്ചാ സാധ്യത നിലനിൽക്കുകയോ ചെയ്യുന്നുണ്ട്. ഇത്തരമൊരു പശ്ചാത്തലമാണ് വിജ്ഞാന വിനിമയത്തിന്റെ രീതിശാസ്ത്ര മാറ്റത്തെ കുറിച്ച് സമൂഹം ആലോചിക്കുന്നത്.

ചെറിയ സാങ്കേതിക മാറ്റങ്ങൾ ഒഴിച്ചു നിർത്തിയാൽ മികച്ച ഇന്റർനെറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർഷങ്ങൾക്കു മുൻപേ തന്നെ നമ്മുടെ രാജ്യത്തുണ്ട്. എന്നാൽ നിർബ്ബന്ധിത സാഹചര്യത്തിൽ മാത്രമാണ് പൊതുസമൂഹം ഒരു മാറ്റത്തെ കുറിച്ച് ആലോചിച്ചത്. പരമ്പരാഗത അധ്യാപന രീതികളും മികച്ച അടിസ്ഥാന സൗകര്യങ്ങളുമാണ് പലപ്പോഴും നമ്മെ പിന്തിരിപ്പിച്ചത്. അധ്യാപകൻ ക്ലാസ്സിൽ വെച്ച് നേരിട്ട് കുട്ടികൾക്ക് ബോധനം നൽകുന്ന രീതിയിലാണ് നാം വിശ്വസിച്ചു പോന്നത്. ശാരീരിക സാന്നിധ്യം അനിവാര്യമായിരുന്ന, ഒരു പറ്റം വിദ്യാർത്ഥികൾക്ക് നിശ്ചിത അധ്യാപകർ അനിവാര്യമായ സാഹചര്യമാണ് ഉണ്ടായിരുന്നത്. മികച്ച അധ്യാപരുടെ കുറവ് രാജ്യം നേരിടുന്ന വലിയ പ്രതിസന്ധികളിലൊന്നാണ്. അതിനാൽ തന്നെ അധ്യാപന നൈപുണ്യമില്ലാത്ത പലരും അധ്യാപകരായിത്തീരുന്ന അവസ്ഥയുണ്ടായി. എങ്കിലും അവരുടെ കൂടി കഠിനാദ്ധ്വാനത്തിന്റെ ഫലമാണ് ഇന്നു നാം കാണുന്ന വിദ്യാഭ്യാസ പുരോഗതി. അതേസമയം മികച്ച അധ്യാപകർ അവരുടെ വാക്കുകളിലൂടെ മാത്രമല്ല, അവരുടെ സാന്നിധ്യത്തിലൂടെയും ചൈതന്യത്തിലൂടെയും വിദ്യാർത്ഥികളിൽ സ്വാധീനം ചെലുത്തി. അധ്യാപനം വെർച്വൽ സ്പേസിലേക്ക് മാറുമ്പോൾ ഒരേ സമയം പ്രതീക്ഷയും പ്രതിസന്ധിയും ഉടലെടുക്കുന്നുണ്ട്. എങ്കിലും മാറ്റത്തിൽ നിന്ന് നമുക്ക് അതിക കാലം തിരിഞ്ഞു നിൽക്കാനാവില്ല.

നമ്മുടെ മുന്നിലുള്ള പ്രതിസന്ധി താൽക്കാലികമെന്ന് പ്രതീക്ഷിക്കാമെങ്കിലും, ഇനി പ്രതിസന്ധി മാറിയാൽ തന്നെയും പുതിയ സങ്കേതങ്ങളിൽ സമൂഹത്തിനുണ്ടാകുന്ന പരിചയവും അവഗാഹവും വിദ്യാഭ്യാസ രംഗത്ത് കാര്യമായ സ്വാധീനം ചെലുത്താനിടയുണ്ട്. അപ്പോഴും മികച്ച അധ്യാപകർക്ക് പ്രസക്തിയേറുന്നു എന്നതാണ് സാങ്കേതിക വിദ്യകൾ മറികടക്കാൻ കഴിയാത്ത അധ്യാപനത്തിന്റെ മേന്മ.

അധ്യാപനം കേവലം ജോലിയാക്കിയെടുത്ത മിക്കവർക്കും സമൂഹം മൂല്യനിർണയം നടത്തിക്കഴിഞ്ഞു. കലാലയങ്ങളിൽ നിന്ന് വീടുകളിലേക്കുള്ള ജ്ഞാന വിനിമയത്തിന്റെ ദിശാ മാറ്റമാണ് ഇതിന് കാരണമായത്. മികച്ച അധ്യാപകരെ തങ്ങളുടെ കുട്ടികൾക്കും ലഭ്യമാക്കാനുള്ള അവസരം പൊതുസമൂഹത്തിന് കൂടി ലഭ്യമാകുന്ന തരത്തിലാണ് കാര്യങ്ങൾ പുരോഗമിക്കുന്നത്. ഗുണമേൻമയും സമഗ്രതയും വിദ്യാഭ്യാസത്തിൽ ഉൾച്ചേർത്തു മാത്രമേ ജ്ഞാന സമൂഹം എന്ന സങ്കൽപ്പത്തിലേക്ക് നടന്നടുക്കാൻ കഴിയൂ. വിദ്യാഭ്യാസ സംരംഭങ്ങളുടെ നിലനിൽപ്പിനും ഇത് അനിവാര്യമാണ്..

സ്നേഹപൂർവ്വം,

**ശൈഖ് അബൂബക്ർ അഹ്മദ്**
*ചാൻസ്‌ലർ, ജാമിഅ മർകസ്*

# EDITORIAL

വൈജ്ഞാനിക മേഖല മാറ്റത്തിന്റെ പാതയിലാണ്. സാമീപ്യം അപകടകരമായി മാറിയ ഇക്കാലത്ത് വൈജ്ഞാനിക വിനിമയം സാങ്കേതിക വിദ്യയുടെ സഹായത്തോടെ മുന്നോട്ടു തന്നെയാണ്. സാങ്കേതിക വിദ്യകളുപയോഗിച്ച് വിജ്ഞാനം പകർന്നു നൽകുന്നതിൽ മുൻനിരയിലാണ് മർകസ് സ്ഥാപനങ്ങൾ. ദർസുകൾ മുതൽ യുനാനി മെഡിക്കൽ കോളേജ് വരെ നീളുന്ന മർകസ് വിദ്യാഭ്യാസ ശൃംഖല ഇതിനുദാഹരണമാണ്. മാറിയ ഒരു കാലത്തിനായി നമുക്ക് കാത്തിരിക്കാനാവില്ല. പ്രതീക്ഷകളിൽ വൈജ്ഞാനിക വികാസത്തെ ഹ്രസ്വ കാലം പോലും തളച്ചിടാനുമാകില്ല. അതിനാൽ വിജ്ഞാന വിനിമയത്തിന്റെ തലമുറ മാറ്റത്തെ ഉൾക്കൊണ്ട് നമുക്ക് പ്രതീക്ഷയോടെ മുന്നോട്ടുപോകാം.

**എഡിറ്റർ**




07 കോൺഫോബിയ ടോക്ക് സീരീസ്

08 പണ്ഡിതരുടെ മഹാ സംഗമമായി സഖാഫി ആഗോള സമ്മേളനം

09 സ്നേഹവീടൊരുക്കി മർകസ് വിദ്യാർഥികൾ

11 പരിമിതികളെ അവസരമാക്കി ഉന്നത വിജയം നേടാം

18 ശരീഅ കോളേജിൽ ഓൺലൈൻ പഠനം



markaz
shaping a culture

**MARKAZ EDU JOURNAL**
A bimonthly on and about Markaz Institutions.
Vol. 2 / Issue 4 / November-December 2020

Printed and Published by the Academic Directorate, Jamia Markaz, Karanthur, Kozhikode, 6735 71, Kerala, India.
Tel: 9072 500 439, E-mail: edujournal@markaz.in

Chief Patron: **C. Muhammad Faizi** Consultation: **Dr. Hussain Saqafi**
Advisor: **Dr. M.A.H. Al Kandi** Publisher: **Unais Muhammed**
Director- Editorial Operations: **Prof. K.V. Umar Farooq** Executive Editor: **M. Luqman Saquafi**
Contributing Editor: **Nazar Kunnummal** Content Editor: **Jyothish K.V**
Managing Editor: **Navas N** Editor: **Fayiz Nurani**
Web Editor: **Abdul Siyad** Circulation Officer: **Fazal Ameen**
Photos: **Sidheeq K, Irfan (Markaz Media)**
Design: **www.grandamedia.com**

MARKAZ KNOWLEDGE CITY

granda media

Pioneering a promising future

# എൻ.ഇ.പി രാജ്യത്തിന്റെ വൈവിധ്യത്തെ ഉൾക്കൊള്ളണം

## മർകസ് സംഘടിപ്പിച്ച 'എൻ.ഇ.പി 2020 : വിദ്യാഭ്യാസ രംഗത്തു രൂപപ്പെടുത്തുന്ന മാറ്റങ്ങൾ' എന്ന ശീർഷത്തിലുള്ള ദ്വിദിന ദേശീയ സെമിനാർ സമാപിച്ചു.

ദേശീയ വിദ്യാഭ്യാസ നയം ഇന്ത്യയിലെ എല്ലാ സാമൂഹിക ഭാഷാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന വിധത്തിലും അന്താരാഷ്ട്ര നിലവാരത്തിലും വിപുലീകരിക്കണമെന്ന മർകസ് സംഘടിപ്പിച്ച 'എൻ.ഇ.പി 2020 : വിദ്യാഭ്യാസ രംഗത്തു രൂപപ്പെടുത്തുന്ന മാറ്റങ്ങൾ' എന്ന ശീർഷത്തിലുള്ള ദ്വിദിന ദേശീയ സെമിനാർ അഭിപ്രായപ്പെട്ടു. നിലവിൽ തയ്യാറാക്കപ്പെട്ട നയത്തിന് പരിമിതികളുണ്ട്. സംസ്കൃത ഭാഷയെ പരാമർശിച്ച പോളിസിയിൽ ജനകീയമായ ഉർദുവിനെയോ ആഴമുള്ള പാരമ്പര്യമുള്ള ബംഗാളി ഭാഷയോ പരാമർശിക്കപ്പെട്ടില്ല. ജനാധിപത്യം ശക്തമായ ഇന്ത്യയെ പോലുള്ള ഒരു രാജ്യത്തു, ആവശ ജനവിഭാഗങ്ങളുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഭാവിയെ കരുതലോടെ കാണുന്ന നയമാണ് ആവിഷ്കരിക്കേണ്ടത്. എന്നാൽ, പുതിയ നയത്തിൽ പല ഭാഗത്തും വിദ്യാഭ്യാസ രംഗത്തു സ്വകാര്യ മൂലധനത്തെ പ്രോത്സാഹിപ്പിക്കുകയും, സർക്കാറിന്റെ വിവിധ സേവനങ്ങൾ പരിമിതപ്പെടുത്തുകയും ചെയ്യുമെന്നുമുള്ള സൂചനകൾ ഉണ്ട്. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ആശയങ്ങളായ മതേതരത്വം, സോഷ്യലിസം പോലുള്ള പദങ്ങൾ പോലും പോളിസിയിൽ ഒരിടത്തും പരാമർശിക്കപ്പെട്ടിട്ടില്ല. നമ്മുടെ ജനാധിപത്യത്തെ പുഷ്ടിപ്പെടുത്തുന്ന വിധത്തിൽ, ലോകത്തിനു മുഴുവൻ മാതൃകയാക്കാവുന്ന ഒരു വിദ്യാഭ്യാസ പോളിസിയാണ് ഇന്ത്യ മുന്നോട്ടു വെക്കേണ്ടത്. അതിനാൽ തന്നെ, കൃത്യതയും ഇന്ത്യയുടെ സാംസ്കാരിക ബഹുത്വവും അടയാളപ്പെടുത്തുന്ന വിധത്തിൽ ഈ നയം വിശാലമാക്കണം, സെമിനാർ അഭിപ്രായപ്പെട്ടു.

ജെ.എൻ.യു സാക്കിർ ഹുസൈൻ സെന്റർ ഫോർ എജുക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ ഡോ.സുരേഷ് ബാബു ,എൻ.സി.ഇ.ആർ.ടി മുൻ കരിക്കുലം തലവൻ പ്രൊഫ എം.എ ഖാദിർ, ഡൽഹി യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പ്രൊഫസർ ഡോ. യാസർ അറഫാത്ത് , ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. കെ.പി മനോജ് , മർകസ് ശരീഅ സിറ്റി അക്കാദമിക് ഡയറക്ടർ ഡോ.ഉമറുൽ ഫാറൂഖ് എന്നിവർ പ്രഭാഷണം നടത്തി. മർകസ് നോളജ് സിറ്റി ഡയറക്ടർ ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി ആമുഖം അവതരിപ്പിച്ചു. മലയാളം യൂണിവേഴ്സിറ്റി മുൻ രജിസ്ട്രാർ പ്രൊഫ ഉമർ ഫാറൂഖ് മോഡറേറ്ററായി.

> **നമ്മുടെ ജനാധിപത്യത്തെ പുഷ്ഠിപ്പെടുത്തുന്ന വിധത്തിൽ, ലോകത്തിനു മുഴുവൻ മാതൃകയാക്കാവുന്ന ഒരു വിദ്യാഭ്യാസ പോളിസിയാണ് ഇന്ത്യ മുന്നോട്ടു വെക്കേണ്ടത്. അതിനാൽ തന്നെ, കൃത്യതയും ഇന്ത്യയുടെ സാംസ്കാരിക ബഹുത്വവും അടയാളപ്പെടുത്തുന്ന വിധത്തിൽ ഈ നയം വിശാലമാക്കണം**

# മർച്ചന്റ്സ് ചേംബർ ഇന്റർനാഷണൽ സെമിനാർ സമാപിച്ചു



കോഴിക്കോട്: കോവിഡ് സൃഷ്ടിച്ച ഭീതിതമായ ഈ പുതിയ ലോകത്തു ഒരുപാട് അവസരങ്ങൾ കൂടി എല്ലാവർക്കും ലഭ്യമാണെന്നും അവയെ ഫലപ്രദമായി ഉപയോഗിക്കുന്നയിടത്താണ് സംരംഭക വിജയം സാധ്യമാകുന്നത് എന്നും കേരള സ്റ്റാർട്ട് അപ് മിഷൻ സി.ഇ.ഒ ഡോ. സജി ഗോപിനാഥ് പറഞ്ഞു. മർകസിന് കീഴിലെ സംരംഭക കൂട്ടായ്മയായ മർച്ചന്റ്സ് ചേംബർ ഇന്റർനാഷണൽ സംഘടിപ്പിച്ച 'പുതിയ സാമ്പത്തിക ക്രമം: അതിജീവനവും വളർച്ചാ മാര്ഗങ്ങളും' എന്ന ശീര്ഷകത്തിലുള്ള സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തിക്കുകയായിരുന്നു അദ്ദേഹം. കോവിഡ് പോലെ ഒരു മഹാമാരി നൂറു വർഷം മുമ്പ് സംഭവിച്ചിട്ടുണ്ട്. എന്നാൽ അതിനു ശേഷം, വലിയ വാണിജ്യ പുരോഗതി ലോകത്ത് സംഭവിച്ചിട്ടുണ്ട്. വലിയ വെല്ലുവിളികൾ ഉണ്ടാകുമ്പോഴാണ്, അതിനെ അതിജീവിക്കാൻ മാനവവിഭവശേഷി ഏറ്റവും ക്രിയാത്മകമായി ആലോചിക്കുന്നതും പ്രവർത്തിക്കുന്നതും. ചെറുതും വലുതുമായ എല്ലാ സംഭരംഭങ്ങളെയും കോവിഡ് ബാധിച്ചു. ഇനി ഏറ്റവും നന്നായി ജാഗ്രതയോടെ ആരാണോ മുന്നോട്ടു പോകുന്നത്, അവർക്ക് വ്യത്യസ്തമായ വിജയം നേടിയെടുക്കുക സാധ്യമാണ് : അദ്ദേഹം പറഞ്ഞു. മർകസ് ജനറൽ മാനേജർ സി.മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. മർകസ് നോളജ് സിറ്റി ഡയറക്ടർ ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി ഉദ്ഘാടനം ചെയ്തു. മർച്ചന്റ്സ് ചേംബർ ഇന്റർനാഷണൽ ജനറൽ സെക്രട്ടറി സി.പി മൂസ ഹാജി ആമുഖം അവതരിപ്പിച്ചു. ഐ.സി.എഫ് എജ്യൂക്കേഷൻ സെക്രട്ടറി അബ്ദുൽ ഹമീദ് ചാവക്കാട്, ഐ.പി.എഫ് ഡയറക്ടർ ഷംനാദ് ശംസുദ്ധീൻ, കെ.കെ ശമീം ലക്ഷദീപ് എന്നിവർ പ്രസംഗിച്ചു.

# കോൺഫോബിയ ടോക്ക് സീരീസ്

അലസമായി വായിക്കുന്നതിനു പകരം ലക്ഷ്യാധിഷ്ഠിതമായി വായനയും പഠനവും വേണമെന്നും, വലിയ സ്വപ്നങ്ങൾ കണ്ടു അധ്വാനിച്ചു പഠിച്ചാൽ വിജയം കരസ്ഥമാക്കാം എന്നും ബംഗാൾ സർക്കാർ സെക്രട്ടറി ഡോ പി. ബി സലീം ഐ.എ.എസ് പറഞ്ഞു. മർകസ് സംഘടിപ്പിച്ച കോൺഫോബിയ ടോക്ക് സീരീസ് ഉദ്ഘാടനം ചെയ്തു 'സിവിൽ സർവീസും സേവനവും' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സിവിൽ സർവെന്റ് ആവുക എന്നത് രാജ്യത്തെ ഏറ്റവും മികച്ച രീതിയിൽ സേവിക്കാനുള്ള അവസരമാണ്.



അതിലേക്കു എത്താൻ നല്ല അറിവ് വേണം. അതിനായി സമർപ്പണ മനസ്സോടെ പ്രവർത്തിക്കണം: മുൻ കോഴിക്കോട് കളക്ടർ കൂടിയായ അദ്ദേഹം പറഞ്ഞു. മർകസ് അക്കാദമിക് ഡയറക്ടർ ഉനൈസ് മുഹമ്മദ് ആമുഖം അവതരിപ്പിച്ചു. ദുബായ് സിറാജ് എം.ഡി ശരീഫ് കാരശ്ശേരി, ഹില്സിനായ് സെന്റർ എം.ഡി അബ്ദുറഹ്മാൻ എന്നിവർ സംസാരിച്ചു. മുഹമ്മദ് സുഹൈൽ നൂറാനി നന്ദി പറഞ്ഞു. രാജ്യത്തെ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന നൂറുകണക്കിന് വിദ്യാർഥികൾ പങ്കെടുത്തു.

# പണ്ഡിതരുടെ മഹാ സംഗമമായി സഖാഫി ആഗോള സമ്മേളനം




ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സഖാഫി പണ്ഡിതരെ സംഗമിപ്പിച്ച സഖാഫി ആഗോള ഓൺലൈൻ സമ്മേളനം നടന്നു. സഖാഫി സ്കോളേഴ്സ് അസോസിയേഷൻ സംഘടിപ്പിച്ച സമ്മേളനത്തിൽ 7500 പണ്ഡിതർ സംബന്ധിച്ചു. മർകസ് ചാൻസലർ കാന്തപുരം എ.പി അബൂബക്കർ ഉദ്ഘാടനം ചെയ്തു. ഇസ്‌ലാമിന്റെ മതപരമായ വിധികൾ പറയേണ്ടത് മതമീമാംസയിൽ അവഗാഹമുള്ള പണ്ഡിതന്മാരാണ് എന്ന് അദ്ദേഹം പറഞ്ഞു. സാമൂഹികമായ എല്ലാ വിഷയങ്ങളിലും സൂക്ഷ്മമായ കാഴ്ചപ്പാടുകൾ ഉള്ള മതമാണ് ഇസ്‌ലാം. പരമ്പരാഗതമായി അഗാധ ജ്ഞാനികളായ പണ്ഡിതന്മാർ കലാപ്പില്ലാതെ ആ വിജ്ഞാനങ്ങൾ നമ്മുടെ തലമുറയിലേക്ക് കൈമാറിയിട്ടുണ്ട്. സമാധാനവും സുരക്ഷയും സഹവർത്തിത്വവും ജീവിതം മുഴുവൻ സൂക്ഷിക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്ന അത്തരം ആശയങ്ങൾ വിദ്യാർഥികൾ മുതൽ വയോജനങ്ങൾ വരെയുള്ളവരിലേക്കു കൈമാറുന്നവരാണ് മതപണ്ഡിതന്മാർ. പ്രവാചകന്മാരുടെ അനന്തരാവകാശികൾ എന്ന നിലക്ക് സാമൂഹിക സംസ്കരണ രംഗത്ത് മത പണ്ഡിതന്മാർക്ക് വലിയ പങ്കു നിർവഹിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സഖാഫി സ്കോളേഴ്സ് കൗൺസിൽ സഹകരണത്തോടെ മർകസ് നോളജ് സിറ്റിയിൽ വരുന്ന പദ്ധതിയായി എം ടവറിന്റെ ആദ്യ ഷെയർ ശാഫി സഖാഫി മുണ്ടമ്പ്രയിൽ നിന്ന് സ്വീകരിച്ച കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു.

മർകസ് പ്രസിഡന്റ് സയ്യിദ് അലി ബാഫഖി തങ്ങൾ പ്രാർഥന നടത്തി. മർകസ് ജനറൽ മാനേജർ സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. മർകസ് നോളജ് സിറ്റി ഡയറക്ടർ ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി പദ്ധതിയാവതരിപ്പിച്ചു സംസാരിച്ചു. സഖാഫി സ്കോളേഴ്സ് കൗൺസിൽ ഉപദേശക സമിതി ചെയർമാൻ പേരോട് അബ്ദുറഹ്മാൻ സഖാഫി, സഖാഫി സ്കോളേഴ്സ് കൗൺസിൽ ചെയർമാൻ ശാഫി സഖാഫി മുണ്ടമ്പ്ര, സഖാഫി സ്കോളേഴ്സ് കൗൺസിൽ ട്രഷറർ സയ്യിദ് ശിഹാബുദ്ധീൻ ബുഖാരി കടലുണ്ടി, മർകസ് നോളജ് സിറ്റി സി.ഇ.ഒ ഡോ അബ്ദുസ്സലാം മുഹമ്മദ് , ഡോ. അബ്ദുൽ റശീദ് സഖാഫി കക്കിഞ്ച , ഹസൻ സഖാഫി തറയിട്ടാൽ സംസാരിച്ചു. കുഞ്ഞി മുഹമ്മദ് സഖാഫി പറവൂർ സ്വാഗതവും ദുൽ കിഫിൽ സഖാഫി കാരന്തൂർ നന്ദിയും പറഞ്ഞു.

# നോളജ് സിറ്റി വെബിനാർ ശ്രദ്ധേയമായി

## വിവിധ രാഷ്ടങ്ങളിൽ നിന്നുള്ള ഗവേഷകർ പങ്കെടുത്തു

മർകസ് നോളജ് സിറ്റി: 'മഹാമാരി കാലത്ത് പാരമ്പര്യ ചികത്സാ രീതികളുടെ പ്രസക്തിയും സാധ്യതകളും' എന്ന വിഷയത്തിൽ മർകസ് നോളജ് സിറ്റിയിലെ മർകസ് യൂനാനി മെഡിക്കൽ കോളേജ് സംഘടിപ്പിച്ച രാജ്യാന്തര വെബ്ബിനാർ പ്രൗഢവും ശ്രദ്ധേയവുമായി. ഇന്ത്യ,ബ്രിട്ടൻ,ഫ്രാൻസ്,ജർമനി,യു.എ.ഇ ,യു.എസ്.എ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും 343 വിദഗ്ധരും ഗവേഷകരുമാണ് വെബ്ബിനാറിൽ പങ്കെടുത്തത്. ഇന്ത്യയിൽ ആയുഷ് വകുപ്പിന് കീഴിലുള്ള വിവിധ ചികത്സാ സംവിധാനങ്ങൾക്ക് ഗവേഷണ പഠനങ്ങൾക്കും പരസ്പരം സഹകരിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും അതിനു മർകസ് യൂനാനി മെഡിക്കൽ കോളേജ് മുൻ കയ്യെടുക്കാനും വെബ്ബിനാറിൽ ധാരണയായി. കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി ചെയർമാൻ പത്മശ്രീ കെ. കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. .'തങ്ങൾക്ക് ആവശ്യമുള്ള ചികിത്സാ രീതികൾ തെരഞ്ഞെടുക്കാൻ ജനങ്ങൾക്കവകാശമുണ്ട്. ഇന്ത്യയിൽ ആയുഷ് ശാഖകളുടെ എല്ലാ സാധ്യതകളും കോവിഡ് കാലത്ത് ഉപയോഗപ്പെടുത്തണം. ജനങ്ങളുടെ പ്രതിരോധ ശക്തി വർധിപ്പിക്കുക പൊതുജനാരോഗ്യ പദ്ധതിയുടെ പ്രധാന ഭാഗമാവണം. ആയുഷ് ചികിത്സകളിൽ ഇതിനു ഏറെ സാധ്യതകളാണുള്ളത്' അദ്ദേഹം വിശദീകരിച്ചു.

ജനിതക ഘടനകളെ അടിസ്ഥാനമാക്കിയുള്ള വ്യക്ത്യാധിഷ്ഠിത പരിപാലനത്തിന്റെ കാലമാണ് ആരോഗ്യ രംഗത്ത് വാരാനിരിക്കുന്നതെന്നു കാംബ്രിഡ്ജ് സർവകലാശാലയിലെ ജനിതശാസ്ത്രഘടന പഠന ഗവേഷകൻ ഡോ.മദൻ തങ്കവേലു ചൂണ്ടിക്കാണിച്ചു. അലോപ്പതി ഗവേഷണ രംഗത്ത് അനേക കോടികളുടെ ഗവേഷണ പദ്ധതികളാണ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.ഇവയിൽ നിന്നും ഒരു വിഹിതം പാരമ്പര്യ ചികിത്സ ഗവേഷണത്തിന് വേണ്ടി സർക്കാരുകൾ നീക്കി വെച്ചാൽ അതിശയകരമായ ഫലങ്ങൾ ലഭ്യമാവുമെന്നും അദ്ദേഹം പറഞ്ഞു.

കോഴിക്കോട് മെഡിക്കൽ കോളേജിലെ കുടുംബാരോഗ്യ വിഭാഗം മുൻ മേധാവി ഡോ.പി കെ ശശിധരൻ, യുനാനി ഫാർമക്കോളജി വിഭാഗം വിദഗ്ധൻ ഡോ ശാഹുൽ ഹമീദ് , ഡോ.ഷായിസ്ത മേത്ത(ടാറ്റ മെമ്മോറിയൽ ആശുപത്രി,മുംബൈ), ഡോ.അമർ ബോധി(ഹോമിയോ മെഡിക്കൽ കോളേജ്,ഡൽഹി), ഡോ.തിരുനാരായണൻ (സിദ്ധ റിസേർച് സെന്റർ,ചെന്നൈ), ഡോ.ശാഹുൽ ഹമീദ് (മർകസ് യൂനാനി മെഡിക്കൽ കോളേജ് ) ,ഡോ.ഇ.എൻ അബ്ദുൽ ലത്തീഫ്(മെഡിക്കൽ കോളേജ്,കോഴിക്കോട്) എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു. മർകസ് യൂനാനി മെഡിക്കൽ കോളേജ് ഡയറക്ടർ ഡോ.എം.എ.എച് അസ്ഹരി ആമുഖ പ്രഭാഷണം നടത്തി. ഡോ. അബ്ദുസലാം മുഹമ്മദ് മോഡറേറ്ററായി.

# സ്നേഹവീടൊരുക്കി മർകസ് വിദ്യാർഥികൾ

പ്രളയത്തിൽ നിലംപൊത്താനായ മർകസ് ഗേൾസ് സ്കൂൾ വിദ്യാർത്ഥിനി ഫർഹയുടെ മിനി ചാത്തങ്കാവിലെ മൺവീട്. സ്കൂളിലെ വിദ്യാർത്ഥിനികളുടെ ഭവനങ്ങളിലേക്ക് സഹായവുമായി പോയ സ്കൂളിലെ അധ്യാപക-പി.ടി.ഐ സംഘം ദയനീയമായ ഈ വീട് കണ്ടപ്പോൾ തീരുമാനിച്ചതാണ് അവൾക്കു പുതിയൊരു വീട് നിർമിച്ചു നൽകാൻ. കഴിഞ്ഞ ഒക്ടോബറിൽ സി മുഹമ്മദ് ഫൈസി ചാത്തമംഗലത്തെ കുറ്റിയടിച്ചു. സ്കൂളിലെ വിദ്യാർഥികൾ, മർകസ് പൂർവ്വ വിദ്യാർഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർ ഒരുമിച്ചു ശേഖരിച്ച 6 ലക്ഷം രൂപക്ക് സുന്ദരമായ വീട് പൂർത്തിയാക്കി. വയനാട് പത്തുമല ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട ഇലഞ്ഞിക്കൽ ഖദീജക്ക് മേപ്പാടിയിൽ മർകസ് അലുമ്‌നൈ നിർമിച്ചു നൽകിയ വീടിന്റെ താക്കോലും കൈമാറി.

# 'ഇസ്‌ലാമിന്റെ സമാധാന ലക്ഷ്യങ്ങൾ ' വേൾഡ് മുസ്‌ലിം കമ്മ്യൂണിറ്റിസ് കൗൺസിൽ സമ്മേളനത്തിൽ കാന്തപുരം സംബന്ധിച്ചു



കോഴിക്കോട്: ഇസ്‌ലാമിന്റെ സമാധാന ലക്ഷ്യങ്ങൾ എന്ന ശീർഷകത്തിൽ അറബ് ലോകത്തെ പ്രമുഖ അന്താരാഷ്ട്ര സംഘടനായ മുസ്‌ലിം കമ്മ്യൂണിറ്റിസ് കൗൺസിൽ സംഘടിപ്പിച്ച ഓൺലൈൻ സമ്മേളനത്തിൽ ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ ഇന്ത്യയിൽ നിന്നുള്ള പ്രതിനിധിയായി സംബന്ധിച്ചു. ഇസ്‌ലാം മുന്നോട്ട് വെക്കുന്ന പ്രധാന പ്രമേയങ്ങളിലൊന്ന് സമാധാനം ആണ്. ലോകത്തിന്റെ സമാധാനത്തെയും സുരക്ഷിതത്വത്തെയും ഭദ്രമാക്കുന്നതിൽ വലിയ പങ്കാണ് മതം നിർവ്വഹിച്ചത്. കലുഷമായ പുതിയ സാഹചര്യത്തിൽ ഭദ്രമായി ഇസ്‌ലാമിന്റെ സമാധാന സന്ദേശങ്ങളെ മുന്നോട്ടു കൊണ്ടുപോവാനാണ് മുസ്‌ലിം നേതാക്കളും ഭരണകൂടങ്ങളും ശ്രദ്ധിക്കേണ്ടത്: അദ്ദേഹം പറഞ്ഞു.

മൂന്ന് സെഷനുകളിലായി നടന്ന സമ്മേളനത്തിൽ വേൾഡ് മുസ്‌ലിം കമ്മ്യൂണിറ്റിസ് കൗൺസിൽ അധ്യക്ഷൻ റാശിദ് അൽ നുഐമി അധ്യക്ഷത വഹിച്ചു. ഈജിപ്ത് ഔഖാഫ് മന്ത്രി ഡോ.മുഹമ്മദ് മുഖ്താർ ജുമുഅ, അൽബേനിയൻ ഇസ്‌ലാമിക് കമ്മ്യൂണിറ്റീസ് പ്രസിഡന്റ് ശൈഖ് ബോയർഫിയോ, ആസ്ട്രേലിയയിലെ ദാറുൽ ഇഫ്താ സെക്രട്ടറി ശൈഖ് സാലിം അൽവാൻ, റഷ്യൻ മതകാര്യ വകുപ്പ് ഹെഡ് ശൈഖ് നാഫി അല്ലാഹ് അഹറോഫ്, സൗത്ത് ആഫ്രിക്കൻ ഇന്റർനാഷ്ണൽ പീസ് ഫൗണ്ടർ ശൈഖ് സഅദുല്ലാഹ് ഖാൻ , ദാഗിസ്താൻ മുഫ്തി ഡോ.ശിഹാബുദ്ധീൻ തുടങ്ങിയവർ സംസാരിച്ചു.

## പഠനത്തിലും മികവ് തെളിയിച്ച് ചിത്രകാരി അഞ്ജന

മർകസ് ഗേൾസ് ഹയർ സെക്കണ്ടറി സ്‌കൂളിലെ അഞ്ജനയെന്ന ചിത്രകാരിക്ക് പ്ലസ് ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എ. പ്ലസ്. വർണ്ണം കൊണ്ട് മനോഹരമായ ചിത്രങ്ങൾ വരക്കുന്ന അഞ്ജനക്ക് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കോഴിക്കോട് എൻ.ഐ.ടിയിൽ ജോലി ചെയ്യുന്ന അച്ഛനും ചിത്രകാരനാണ്. 2019ൽ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച ലഹരി വിരുദ്ധ ചിത്രരചനയിൽ മർകസ് സ്‌കൂളിനെ പ്രതിനിധീകരിച്ച് ഒന്നാം സ്ഥാനം അഞ്ജന കരസ്ഥമാക്കിയിരുന്നു. ഗേൾസ് സ്‌കൂളിൽ നിന്ന് ഫാത്തിമ ലയ, സൈനബ റിയാന, ഖദീജ ലിയാന, നേത ഹുസൈൻ, അമീന ജബിൻ എന്നീ വിദ്യാർത്ഥികളും മുഴുവൻ വിഷയങ്ങളിലും എ.പ്ലസ് കരസ്ഥമാക്കി. വിജയികളെ മാനേജ്മെന്റ് അഭിനന്ദിച്ചു.

**നാസർ കുന്നുമ്മൽ**
Kerala State Career Guidance
Resourse Person, FMHSS, Koombara



# പരിമിതികളെ അവസരമാക്കി ഉന്നത വിജയം നേടാം

പലപ്പോഴും പരിമിതികളെ പഴിച്ച് ജീവിക്കുന്നവരാണ് നമ്മളിൽ പലരും, എന്നാൽ പരിമിതികൾ അവസരമായി ഉൾക്കൊണ്ട് ഉന്നത വിജയം കൈവരിക്കുന്ന അപൂർവ്വം ചിലർ നമുക്കിടയിലുണ്ട്. 2020 സിവിൽ സർവീസ് റാങ്കിൽ 50 ഇൽ അധികം മലയാളികൾ ഉണ്ടെങ്കിലും 804 റാങ്കുകാരൻ Gokul S എന്ന് കാഴ്ച പരിമിതനായ മിടുക്കന്റെ ഈ നേട്ടം നമുക്ക് വലിയൊരു പാഠമാണ്. ഈ ഉന്നത വിജയത്തിന് പിന്നിൽ പ്രധാനമായ കാരണങ്ങൾ ആയി ഗോകുൽ പറയുന്നത് തൻറെ മാതാപിതാക്കളും ടെക്നോളജിയുമാണ്.

തീർത്തും കാഴ്ച ശക്തി ഇല്ലാതിരുന്ന ഗോകുൽ അവൻറെ +2 പഠനത്തെ കുറിച്ച് പറയുന്നത് ഇങ്ങനെയാണ്... "എസ്എസ്എൽസി ക്ക് ശേഷം പ്ലസ് ടു സയൻസ് എടുത്തു പഠിക്കാനായിരുന്നു ആഗ്രഹം. എന്നാൽ സമൂഹത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ പ്രതികരണമാണ് ഉണ്ടായിരുന്നത്. കാഴ്ച പരിമിതനായ എനിക്ക് സയൻസ് പഠനം സാധ്യമല്ല എന്നുള്ളതായിരുന്നു സമൂഹത്തിൻറെ കാഴ്ചപ്പാട്. എൻറെ ആഗ്രഹം സഫലമാക്കുക എന്ന ലക്ഷ്യത്തോടുകൂടി മാതാപിതാക്കൾ എന്നെ സയൻസ് ഗ്രൂപ്പ് എടുത്ത് പഠിപ്പിക്കുകയും അതിലെ derivations, diagrams പോലോത്തത് അവർ ആദ്യം പഠിച്ച് പിന്നീട് എനിക്ക് പഠിക്കാവുന്ന രൂപത്തിലാക്കി തന്നത് തൻറെ ഉയർച്ചയുടെ പിന്നിലുള്ള വലിയൊരു പ്രചോദനമായിരുന്നു". അങ്ങിനെ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന മുന്നൂറിൽ ഒരാൾ ആകുവാൻ ഗോകുലിന് സാധിച്ചു.

**കേന്ദ്ര- സംസ്ഥാന സർക്കാറുകൾ നൈപുണ്യ വികസന പദ്ധതികളിലൂടെ നൂതനമായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.**

ഗോകുലിന്റെ ഉന്നത വിജയത്തിന് പിന്നിൽ മറ്റൊരു പ്രധാന ഘടകമായിരുന്ന ടെക്നോളജി ഓൺലൈൻ സംവിധാനങ്ങൾ. ഏഴാം തരം മുതൽ കാഴ്ച പരിമിതർക്ക് ഉള്ള വിവിധ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് തുടങ്ങിയ ഗോകുൽ തൻറെ പരന്ന വായനയിലൂടെ വിശാലമായ കാഴ്ചപ്പാട് രൂപീകരിക്കുകയും മത്സര പരീക്ഷയ്ക്ക് വളരെ അത്യാവശ്യമായ Speed & accuracy തുടങ്ങിയവയിൽ മുൻപന്തിയിൽ എത്തിച്ചേരുകയുമായിരുന്നു. പലപ്പോഴും സാധാരണ ഉദ്യോഗാർത്ഥികൾ മൂന്നും നാലും അഞ്ചും തവണകളിലായി നേടിയെടുക്കുന്ന സിവിൽ സർവീസ് റാങ്ക് ഗോകുലിന് ആദ്യ പരിശ്രമത്തിൽ സ്വായത്തമാക്കാൻ സഹായിച്ചത് ടെക്നോളജിയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി എന്നുള്ളതാണ്.

നമ്മുടെ "പ്രഥമ വിദ്യാലയം വീടും പ്രഥമ അധ്യാപകൻ രക്ഷിതാക്കളും" എന്ന് പറയാറുണ്ടല്ലോ. ഇതിനെ കൂടുതൽ ദൃഢമാക്കുന്ന സാഹചര്യങ്ങളാണ് Covid-19 സൃഷ്ടിച്ചിട്ടുള്ളത്. ഇപ്പോഴത്തെ സാഹചര്യത്തിൽ വിദ്യാലയമോ അധ്യാപകരോ വിദ്യാർത്ഥി സുഹൃത്തുക്കളെയോ പരസ്പരം കാണാതെയുള്ള പഠനം ഓൺലൈനിലൂടെ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെയാണ് ഗോകുലിന്റെ രക്ഷിതാക്കളെ മാതൃകയാക്കി ടെക്നോളജിയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി പുതിയ തലമുറയെ വാർത്തെടുക്കാൻ നാം ഉണർന്നു പ്രവർത്തിക്കേണ്ടത്. ഇതിനായി നമുക്ക് Swayam Prabha,32 DTH channel കളും Victers channel കളും Google digital guarage, Udemy, WebEx, Khan accadamy, Coursera, Learning Management System (LMS), Way to XL തുടങ്ങി മറ്റ് ഓൺലൈൻ public private education സംവിധാനങ്ങളും zoom, google meet, google classroom, Virtual reality, Augmented reality, sololearn, Duolingo, Indigo learn തുടങ്ങിയ അത്യാധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കൊണ്ടുള്ള പഠനരീതികൾ പുതുതലമുറയെ Covid -19 എന്ന മഹാമാരി ഉണ്ടാക്കുന്ന പരിമിതികളെ മറികടക്കാൻ പ്രാപ്തമാക്കുന്നതിൽ ചിലതാണ്.


# +2 പരീക്ഷയിൽ മികച്ചവിജയം നേടിയവർ



**James Paul**
Commerce
Al Farooqiya HSS
Cheranelloor



**Nezma Nazar**
Commerce
Al Farooqiya HSS
Cheranelloor




**K A Fathima**
Science
Al Farooqiya HSS
Cheranelloor




**Ashna Joseph**
Science
Al Farooqiya HSS
Cheranelloor



**Jismi Santhosh**
Science
Al Farooqiya HSS
Cheranelloor



**Parvathi Manoj**
Science
Al Farooqiya HSS
Cheranelloor



**Kadeeja N**
Science
Al Farooqiya HSS
Cheranelloor



**Arya Elizabeth**
Commerce
Al Farooqiya HSS
Cheranelloor



**Aleena Simon**
Commerce
Al Farooqiya HSS
Cheranelloor



**Shahirsha Shareef**
Commerce
Al Farooqiya HSS
Cheranelloor



**Aneetta E P**
Commerce
Al Farooqiya HSS
Cheranelloor



**Sanju Sibi**
Science
Fathimabi Memorial
HSS Koombara



**Ann Mariya Joseph**
Humanities
Fathimabi Memorial
HSS Koombara



**Joseph Sebastian**
Commerce
Fathimabi Memorial
HSS Koombara



**Bhagya Lakshmi**
Science
Fathimabi Memorial
HSS Koombara




**Namitha Joy**
Science
Fathimabi Memorial
HSS Koombara



**Albin Jimmy**
Humanities
Fathimabi Memorial
HSS Koombara



**Riya George**
Humanities
Fathimabi Memorial
HSS Koombara



**Dina Thaj**
Commerce
Fathimabi Memorial
HSS Koombara



**Sona Johnson**
Commerce
Fathimabi Memorial
HSS Koombara

# LSS/USS വിജയികൾ



ശഹന മഹറിൻ
Fathimabi Memorial
HSS Koombara



അഖിൽ വി ആർ
Fathimabi Memorial
HSS Koombara



അൻസഫ് കെ കെ
Markaz Boys HSS
Karanthoor



സിദാൻ അഹ്മദ്
Markaz Boys HSS
Karanthoor




സഫ്‌വാൻ
Markaz Boys HSS
Karanthoor



നജദ്
Markaz Boys HSS
Karanthoor



ശഹബാസ്
Markaz Boys HSS
Karanthoor



അധിൻ
Markaz Boys HSS
Karanthoor



ഫാത്തിമ മുസ്തബ്ഷിറ
Markaz Girls HSS
Karanthoor



ഫാത്തിമ ഫിദ
Markaz Girls HSS
Karanthoor



അമീന ഷെറിൻ
Markaz Girls HSS
Karanthoor



അമീന ഇ കെ
Markaz Girls HSS
Karanthoor



ആയിശ നജ
Markaz Girls HSS
Karanthoor



ഫാത്തിമ നിദ
Markaz Girls HSS
Karanthoor



മുഹമ്മദ് അഫ്നാൻ
AUPS Deshaseva



ലിയ മെഹ്ബിൻ
AUPS Deshaseva



മുഹമ്മദ് റിസിൻ
AMLP School
Choyimadam



അഹമ്മദ് ഹാദി മുജീബ്
AMLP School
Choyimadam



മുഹമ്മദ് നാഫിഅ്
AMLP School
Choyimadam



ഹുദ തസ്നീം
AMLP School
Choyimadam



നാജിൽ മുഹമ്മദ്
AMLP School
Choyimadam





NMMS പരീക്ഷയിൽ വിജയിച്ച ആർഷാ മണിയും മുഹമ്മദ് യാസിനും. ചേരാനെല്ലൂർ അൽ ഫാറൂഖിയാ ഹയർസെക്കന്ററി സ്കൂൾ വിദ്യാർഥികളാണ് ഇരുവരും

# +2 പരീക്ഷയിൽ മികച്ചവിജയം നേടിയവർ



**Muhammed Sinan**
Science
Markaz HSS
Karanthoor



**Shahin Muhammed**
Commerce
Markaz HSS
Karanthoor



**Ahathah Ali**
Science
Markaz HSS
Karanthoor



**Ridhul Nasar**
Science
Markaz HSS
Karanthoor



**Muhammed Ramshad**
Science
Markaz HSS
Karanthoor



**Sahalu Vakkas Ali**
Science
Markaz HSS
Karanthoor



**Muhammed Faiz**
Science
Markaz HSS
Karanthoor



**Ayas Khan A**
Science
Markaz HSS
Karanthoor



**Muhammed Niyas**
Commerce
Markaz HSS
Karanthoor



**Abhiroop**
Commerce
Markaz HSS
Karanthoor



**Basil V**
Commerce
Markaz HSS
Karanthoor



**Nasrudheen PCM**
Humanities
Markaz HSS
Karanthoor



**Muhammed Rafi**
Humanities
Markaz HSS
Karanthoor



**Mehmood Ahmed**
Humanities
Markaz HSS
Karanthoor



**Fathima Laya**
Science
Markaz Girls HSS
Karanthoor




**Sainaba Riyana**
Science
Markaz Girls HSS
Karanthoor



**Khadeeja Liyana**
Science
Markaz Girls HSS
Karanthoor



**Ameena Jabin**
Commerce
Markaz Girls HSS
Karanthoor




**Neha Husain**
Comp. Science
Markaz Girls HSS
Karanthoor




**Anjana L**
Comp. Science
Markaz Girls HSS
Karanthoor


# +2 പരീക്ഷയിൽ മികച്ചവിജയം നേടിയവർ



**Risha Parvin**
Commerce
Markaz Girls HSS
Karanthoor



**Fathima Rinsha**
Commerce
Markaz Girls HSS
Karanthoor



**Anjala Helen**
Commerce
Markaz Girls HSS
Karanthoor




**Mufeeda E K**
Science
Markaz Girls HSS
Karanthoor



**Aysha Nourin**
Science
Markaz Girls HSS
Karanthoor


**Hadiya Zuha**
Science
Markaz Girls HSS
Karanthoor




**Afna A C**
Commerce
Markaz Girls HSS
Karanthoor



**Fathima Risana**
Science
Markaz Girls HSS
Karanthoor




**Nihala Alakkal**
Science
Markaz Girls HSS
Karanthoor




**Fathima S**
Science
Markaz Girls HSS
Karanthoor



**Aysha Rushda**
Science
Markaz Girls HSS
Karanthoor



**Basila P K**
Humanities
Markaz Girls HSS
Karanthoor



**Fathima Dilna P**
Humanities
Markaz Girls HSS
Karanthoor

## ഗുരുകടാക്ഷം: മർകസ് അദ്ധ്യാപകരുടെ സംഗമം


സെപ്തംബർ 5 അദ്യാപകദിനത്തിൽ മർകസ് സ്ഥാപങ്ങളിലെ മുഴുവൻ അദ്ധ്യാപകരെയും ഉൾപ്പെടുത്തി അക്കാഡമിക് ഡയറക്ടറേറ്റിന്റെ കീഴിൽ ഗുരുകടാക്ഷം സംഘടിപ്പിച്ചു. മർകസ് ജനറൽ സെക്രട്ടറി ബഹു. കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ അദ്യാപകദിന സന്ദേശം കൈമാറി. സമൂഹത്തിനെ രൂപപ്പെടുത്തുതന്നതിൽ അദ്ധ്യാപകരുടെ ഉത്തരവാദിത്തം അവിസ്മരണീയമാണ്. നല്ല അദ്യാപകരാകാൻ എല്ലാവർക്കും കഴിയട്ടെ എന്നും അദ്ധ്യാപക ദിന സന്ദേശത്തിലൂടെ അദ്ദേഹം പറഞ്ഞു. ഡയറക്ടർ അബ്ദുൾഹക്കീം അസ്ഹരി, ജനറൽ മാനേജർ സി മുഹമ്മദ് ഫൈസി, അക്കാഡമിക് പ്രൊജക്റ്റ് ഡയരക്ടർ പ്രൊഫെസർ കെ വി ഉമർ ഫാറൂഖ്, അക്കാഡമിക് ഡയരക്ടർ ഉനൈസ് മുഹമ്മദ് എന്നിവർ സംസാരിച്ചു. മർകസ് സ്ഥാപങ്ങളിലെ അദ്ധ്യാപകർ പരിപാടിയിൽ പങ്കെടുത്തു.

# SSLC പരീക്ഷയിൽ മികച്ചവിജയം നേടിയവർ



**Athulya Mohan**
Al Farooqiya HSS
Cheranelloor


**Nooriyya T A**
Al Farooqiya HSS
Cheranelloor


**Muhammed Irfan**
Markaz Boys HSS
Karanthoor


**Haadi Usman Rubas**
Markaz Boys HSS
Karanthoor


**Muhammed Fahad**
Markaz Boys HSS
Karanthoor


**Hibatulla Anees**
Markaz Boys HSS
Karanthoor



**Muhammed Shamil**
Markaz Boys HSS
Karanthoor


**Sayid Mohd Faheem**
Markaz Boys HSS
Karanthoor


**Riya Fathima**
Markaz Girls HSS
Karanthoor



**Fathima Rubana**
Markaz Girls HSS
Karanthoor


**Khadeeja Ziya**
Markaz Girls HSS
Karanthoor



**Fathima Shahana**
Markaz Girls HSS
Karanthoor


**Shifa Latheef**
Markaz Girls HSS
Karanthoor


**Fida Sulthana**
Markaz Girls HSS
Karanthoor



**Thamanna Mariyam**
Markaz Girls HSS
Karanthoor


**Fathima Hanna**
Markaz Girls HSS
Karanthoor


**Fathima Thoyyiba**
Markaz Girls HSS
Karanthoor


**Fathima Diya**
Markaz Girls HSS
Karanthoor


**Haneena K C**
Markaz Girls HSS
Karanthoor


**Hanna Nasrin**
Markaz Girls HSS
Karanthoor

# SSLC പരീക്ഷയിൽ മികച്ചവിജയം നേടിയവർ



**Fathima Fida C K**
Markaz Girls HSS
Karanthoor



**Hiba Nasry**
Markaz Girls HSS
Karanthoor



**Lubana**
Markaz Girls HSS
Karanthoor



**Huda Nasrin**
Markaz Girls HSS
Karanthoor



**Lezin Sajid**
Markaz Girls HSS
Karanthoor



**Fathima Minna**
Markaz Girls HSS
Karanthoor



**Nafia Nasrin**
Markaz Girls HSS
Karanthoor



**Lena Basheer**
Markaz Girls HSS
Karanthoor




**Rena Ibrahim**
Markaz Girls HSS
Karanthoor



**Naha Yasil**
Markaz Girls HSS
Karanthoor



**Fathima Naja K**
Markaz Girls HSS
Karanthoor



**Fidha O C**
Markaz Girls HSS
Karanthoor



**Anamika K P**
Markaz Girls HSS
Karanthoor



**Niya Fathima**
Markaz Girls HSS
Karanthoor



**Fathima Rinsha**
Markaz Girls HSS
Karanthoor

## ഉനൈസ് നുറാനിക്ക് ഡോക്ടറേറ്റ്

മർകസ് സ്ഥാപനമായ പൂനൂർ മദീനത്തുന്നൂർ കോളേജ് ഓഫ് ഇസ്‌ലാമിക് സ്റ്റഡീസ് പൂർവ്വവിദ്യാർത്ഥി ഉനൈസ് നൂറാനിക്ക് ഡോക്ടറേറ്റ് ലഭിച്ചു. ഡൽഹി ജാമിഅ മില്ലിയ്യ യൂണിവേഴ്സിറ്റിയിൽ നിന്ന്, 'ഇസ്ലാമിക ചിന്തകനും പരിഷ്കർത്താവുമായ ബദീഉസ്സമാൻ സഈദ് നൂർസി' എന്ന വിഷയത്തിൽ ഡോ: മുഹമ്മദ് മുഷ്താഖിൻ്റെ കീഴിലാണ് ഗവേഷണം പൂർത്തിയാക്കിയത്. ഇസ്‌ലാമിക് സ്റ്റഡീസിൽ ജെ.ആർ.എഫ് നേടിയാണ് ഗവേഷണം പൂർത്തീകരിച്ചത്. സമസ്ത കേന്ദ്ര മുശാവറ അംഗവും സുന്നി പ്രസ്ഥാനത്തിന്റെ നേതാവുമായിരുന്ന മർഹൂം കുഞ്ഞിമോൻ ഫൈസി വെന്നിയൂർ- ആഇശ ദമ്പതികളുടെ മകനാണ്. സംഘടനാരംഗത്തും പ്രവർത്തനനിരതനായ ഉനൈസ് നൂറാനി എസ് എസ് എഫ് സംസ്ഥാന ദഅവ സിൻഡിക്കേറ്റ് അംഗവുമാണ്. മർകസ് നോളജ് സിറ്റി ഡയറക്ടർ ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി ഉനൈസ് നുറാനിയെ അഭിനന്ദിച്ചു.

# ശരീഅ കോളേജിൽ ഓൺലൈൻ പഠനം

ഓൺലൈനിൽ പഠനത്തിന് വേറിട്ട സൗകര്യങ്ങളൊരുക്കി മർകസ് ശരീഅ കോളേജ്. വിവിധ സംസ്ഥാനങ്ങളിലെ 3000 വിദ്യാർത്ഥികൾക്കാണ് ശരീഅ വിഭാഗത്തിൽ ക്ലാസ്സുകൾ നടക്കുന്നത്. മർകസ് വെബ്സൈറ്റിൽ പ്രത്യേകം സംവിധാനിച്ച സാങ്കേതിക സൗകര്യങ്ങൾ വഴി ഓരോ വിദ്യാർത്ഥിക്കും വീട്ടിലിരുന്ന ക്ളാസിൽ പങ്കെടുക്കാം. ഗുരുനാഥന്മാരുമായി നേരിട്ട് സംവദിക്കാനുള്ള അവസരവും വെബ് പേജിൽ ഒരുക്കിയിട്ടുണ്ട്. വിദ്യാർഥികൾ ക്ലാസിലേക്ക് പ്രവേശിക്കുന്ന സമയവും വിരമിക്കുന്ന സമയവും കൃത്യമായി രേഖപ്പെടുത്തുന്നതിനാൽ ഹാജറും ലഭ്യം. രാവിലെ 8 മണിക്ക് നടക്കുന്ന കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരുടെ സ്വഹീഹുൽ ബുഖാരി ദർസിൽ 950 വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്.
ഓൺലൈൻ ക്ലാസിൽ സംബന്ധിക്കാൻ മൊബൈലില്ലാത്ത ശരീഅ കോളേജിലെ വിദ്യാർത്ഥികൾക്ക് മർകസ് ടാബുകൾ നൽകി. അതോടൊപ്പം എല്ലാ വിദ്യാർത്ഥികൾക്കും മാസാന്തം റീചാർജ് ചെയ്തു നൽകൽ, ഭക്ഷ്യ ധാന്യങ്ങൾ നൽകൽ, പഠനോപകരണ വിതരണം എന്നിവയും മർകസ് ഈ മാസം മുതൽ നടപ്പിലാക്കുമെന്ന് ജനറൽ മാനേജർ സി മുഹമ്മദ് ഫൈസി പറഞ്ഞു. ശരീഅ കോളേജിലെ ഉസ്താദുമാർക്ക വീട്ടിൽ നിന്ന് ക്ലസ്സെടുക്കാൻ ലാപ്ടോപ്പും നൽകും. ഓൺലൈൻ ക്ളാസുകൾക്കായി അത്യാധുനിക സൗകര്യങ്ങളുള്ള രണ്ടു സ്റ്റുഡിയോകളും മർകസിൽ പ്രവർത്തിക്കുന്നു. ടാബുകൾ വിതരണം ചെയ്യുന്ന ചടങ്ങിന് മർകസ് ചാൻസലർ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ നേതൃത്വം നൽകി. മർകസ് ജനറൽ മാനേജർ സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. സി.പി ഉബൈദുല്ല സഖാഫി, അക്ബർ ബാദുശ സഖാഫി, സയ്യിദ് മുഹമ്മദ് ശിഹാബ് സഖാഫി എന്നിവർ സംബന്ധിച്ചു.

# ശരീഅ കോളേജ് ഇന്റർവ്യൂ നടത്തി

വിദ്യാർത്ഥികളെ ജില്ലാ അടിസ്ഥാനത്തിൽ വേർതിരിച്ച് 16 കേന്ദ്രങ്ങളിലായി 28 ഉസ്താദുമാർ 689 വിദ്യാർത്ഥികൾക്കായിരുന്നു ഇൻർവ്യൂ നടത്തിയത്. 382 വിദ്യാർത്ഥികൾക്കാണ് ഇന്റർവ്യൂ മുഖേന അഡ്മിഷൻ നൽകിയത്. കേരളത്തിന്റെ തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ മുഖേനയായിരുന്നു ഇന്റർവ്യൂ. മർകസ് ശരീഅത്ത് കോളേജിന്റെ അഫ്‌ലിയേറ്റഡ് സ്ഥാപനങ്ങളായ മുഹിമ്മാത്ത്, മർകസ് മാലിക് ദീനാർ പാറപ്പള്ളി എന്നിവിടങ്ങളിൽ നിന്നുമായി 57 വിദ്യാർത്ഥികളും ഈ വർഷം അഡ്മിഷൻ നേടി. കുല്ലിയ്യ വിഭാഗത്തിൽ 439 വിദ്യാർത്ഥികളും സാനവിയ്യ വിഭാഗത്തിൽ 25 വിദ്യാർത്ഥികളും അഡ്മിഷൻ നേടി.

## അബ്ദുറഊഫ് നൂറാനിക്ക് ഡോക്ടറേറ്റ്

മർകസ് പൂർവ്വവിദ്യാർത്ഥി അബ്ദുറഊഫ് നൂറാനിക്കു ഡൽഹി ജാമിഅ മില്ലിയ്യ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചു. ഇസ്‌ലാമിക് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിൽ ഡോ. മുഹമ്മദ് അഷ്‌റഫ് അർശദിന് കീഴിൽ 'ഗൾഫ് കുടിയേറ്റവും മുസ്‌ലിം സമൂഹത്തിൽ അതിന്റെ സ്വാധീനവും: മലബാർ , ഹൈദരാബാദ് മേഖലകളുടെ താരതൻമ്യ പഠനം' എന്ന വിഷയത്തിലായിരുന്നു ഗവേഷണം. മലപ്പുറം ജില്ലയിലെ ആതവനാട് കിഴക്കേക്കാട്ട് അബൂബക്കർ കെ.പി- തിത്തിക്കുട്ടി ദമ്പതികളുടെ മകനാണ്. മലബാറിലെ ഗൾഫ് കുടിയേറ്റത്തിന്റെ സ്വാധീനങ്ങളെ കുറിച്ച് കൃത്യമായ നിരീക്ഷണങ്ങളാണ് ഗവേഷണത്തിലുള്ളത്. ജാമിഅ മദീനത്തുന്നൂ



റിൽ നിന്ന് ഇസ്‌ലാമിക് സ്റ്റഡീസിൽ ബിരുദം നേടിയ ശേഷമാണ് ഡൽഹിയിൽ നിന്നും ഉപരിപഠനം നടത്തിയത്. കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ, സി.മുഹമ്മദ് ഫൈസി,ഡോ അബ്ദുൽ ഹകീം അസ്ഹരി എന്നിവർ അനുമോദനം അറിയിച്ചു.

# കോവിഡ് പ്രതിരോധത്തിന് യുനാനി സാധ്യതകൾ പ്രയോജനപ്പെടുത്തണം

**കേരള മുഖ്യമന്ത്രി, ആരോഗ്യവകുപ്പ് മന്ത്രി, ആയുഷ് വകുപ്പ് സെക്രട്ടറി എന്നിവർക്ക് മർകസ് യൂനാനി മെഡിക്കൽ കോളേജ് കത്തയച്ചു.**



കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും ചികിത്സയിലും യൂനാനി വൈദ്യശാസ്ത്രത്തിൻെറ സാധ്യതകൾ കൂടെ പ്രയോജനപ്പെടുത്തണമെന്ന് മർകസ് യൂനാനി മെഡിക്കൽ കോളേജ് സർക്കാരിനോട് ആവശ്യപ്പെട്ടു. ഈയാവശ്യമുന്നയിച്ച് കേരള മുഖ്യമന്ത്രി, ആരോഗ്യവകുപ്പ് മന്ത്രി, ആയുഷ് വകുപ്പ് സെക്രട്ടറി എന്നിവർക്ക് മർകസ് യൂനാനി മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ഇംദാദുള്ള സിദ്ധീഖി, മെഡിക്കൽ സൂപ്രണ്ട് ഡോ.ഒ കെ എം അബ്ദുറഹിമാൻ എന്നിവർ കത്തയച്ചു.

"ലോക ജനതയെ ആശങ്കയിലാഴ്ത്തിയ കോവിഡ് 19 ഭീഷണിയെ നേരിടുന്നതിൽ സർക്കാർ നടത്തിയ പരിശ്രമങ്ങളെ അഭിനന്ദിക്കുന്നു. അലോപ്പതി വൈദ്യശാസ്ത്രത്തിൽ ഇതിന് വ്യക്തമായ വാക്സിനുകളോ മരുന്നുകളോ കണ്ടെത്തിയിട്ടില്ല. ആന്റിബയോട്ടിക്കുകളും ഫലപ്രദമല്ല. രോഗ ലക്ഷണങ്ങളെയും രോഗിയുടെ ആരോഗ്യ നിലയും നിരീക്ഷിച്ച് ചികിൽസിക്കുന്ന രീതിയാണ് നിലവിലുള്ളത്. ഇത്തരം ലക്ഷണങ്ങളെ ചികിത്സിക്കാനും രോഗികളുടെ ഹ്യൂമെറൽ ഇക്വിലിബ്രിയം, ടെമ്പറമെന്റൽ ബാലൻസിംഗ് എന്നിവയിലൂടെ ശരീരത്തിന്റെ രോഗ പ്രതിരോധ സംവിധാനം ഉപയോഗപ്പെടുത്തി ചികിത്സിക്കാനും ബയോഫിസിക്സ് അടിസ്ഥാനമാക്കിയുള്ള യൂനാനി ചികിത്സ കൂടുതൽ ഫലപ്രദമാവുമെന്നാണ് യൂനാനി ഡോക്ടർമാർ കരുതുന്നത്".

ചിര സമ്മതമായതും ആധുനികവുമായ യൂനാനി മരുന്നുകളുടെ ഫലപ്രാപ്തി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതായതിനാൽ കോവിഡ് പ്രതിരോധത്തിനും ചികിത്സക്കും ആയുഷ് വകുപ്പിനു കീഴിലുള്ള ചികിത്സാ രീതികൾ നടപ്പിലാക്കണമെന്ന് ഈയ്യിടെ കേന്ദ്ര ആയുഷ് മന്ത്രാലയം ഉത്തരവിറക്കിയിരുന്നു. രോഗികളുടെ എണ്ണം പ്രതിദിനം വർധിച്ചുവരുന്ന സാഹചര്യത്തിൽ സമാന ചികിത്സാ സംവിധാനങ്ങളും വിദഗ്ധരുടെ സേവനങ്ങളും കൂടെ പ്രയോജന പെടുത്തുന്നത് അനുപേക്ഷണീയമാണെന്ന് മനസ്സിലാക്കിയായിരുന്നു ആയുഷ് വകുപ്പിന്റെ ഈ ഉത്തരവ്. എന്നാൽ സംസ്ഥാനത്ത് ഇത് സംബന്ധിയായ തുടർ നീക്കങ്ങൾ കാണാത്ത സാഹചര്യത്തിലാണ് മർകസ് യൂനാനി മെഡിക്കൽ കോളേജ് മുഖ്യമന്ത്രിക്ക് മുന്നിൽ പ്രത്യേക നിർദ്ദേശങ്ങൾ സമർപ്പിച്ചത്.

2006-2007 വർഷങ്ങളിലെ ചിക്കൻ ഗുനിയ പ്രതിരോധ പ്രവർത്തനങ്ങളിൽ യൂനാനി വിദഗ്ധർ നൽകിയ സേവങ്ങളും അതിന് അന്നത്തെ ആരോഗ്യ മന്ത്രി പി കെ ശീമതി നൽകിയ അഭിനന്ദനങ്ങളും അപേക്ഷയിൽ അനുസ്മരിച്ചു. ഇതിനെ തുടർന്നാണ് കേരളത്തിൽ യൂനാനി ഡിസ്പെൻസറികൾ അനുവദിച്ചത്.

കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് കീഴിൽ സംസ്ഥാന ആരോഗ്യ സർവകലാശാലയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന മർകസ് യൂനാനി മെഡിക്കൽ കോളേജിൽ രാജ്യത്തെ പ്രഗത്ഭരായ യൂനാനീ ഡോക്ടർമാരും ഗവേഷകരും ശാസ്ത്രജ്ഞന്മാരും സേവനം ചെയ്യുന്നുണ്ട്. കേരളത്തിലെ ഏക യൂനാനി മെഡിക്കൽ കോളേജായ MUMC യുടെ വിഭവശേഷിയും ഗവേഷണ മികവും കേരളീയ ജനതയുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കാൻ സന്നദ്ധമാണെന്നും സർക്കാരിനെ അറിയിച്ചു.

# മർകസ് സാദാത്ത് സംഗമം

## സയ്യിദന്മാർ ഇസ്‌ലാമിക സമൂഹത്തിലെ ആത്മീയ നേതൃത്വം: കാന്തപുരം

മുഹമ്മദ് നബി(സ്വ)യുടെ കുടുംബ പാരമ്പരയായ സയ്യിദന്മാരാണ് ലോകത്തെല്ലായിടത്തും മുസ്‌ലിം സമൂഹത്തിന്റെ ആത്മീയ സംസ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതെന്ന് മർകസ് ചാൻസലർ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ. മുഹറം ഒമ്പത് താശൂറാ വിശുദ്ധ ദിനത്തിൽ ഇന്നലെ മർകസിൽ സംഘടിപ്പിച്ച സംസ്ഥാന തല സാദാത്ത് സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ മുസ്‌ലിം ചരിത്രത്തെയും സാമൂഹിക ജീവിതത്തെയും സമ്പന്നമാക്കിയതും ആഗോള മുസ്‌ലിം ജീവിതവുമായി പൗരാണിക കാലം മുതലേ ബന്ധിപ്പിച്ചതും സയ്യിദന്മാരാണ്. യമനിലെ തെളിച്ചമുള്ള ഇസ്‌ലാമിക പൈതൃകം നമുക്ക് ലഭിച്ചതിനാലാണ്, ലോകത്ത് ശ്രദ്ധിക്കപ്പെടുന്ന മുസ്‌ലിം സമൂഹമായി കേരളീയ മുസ്‌ലിംകൾ മാറിയത്. അത്തരം സാംസ്കാരികമായ വിനിമയങ്ങൾക്കും, അത് നമ്മുടെ സമൂഹത്തിലേക്ക് ഫലപ്രദമായി പങ്കുവെക്കുന്നതിനും സയ്യിദന്മാർ മുന്നിൽ നിന്നു: കാന്തപുരം പറഞ്ഞു. ലോക പ്രശസ്ത ഇസ്‌ലാമിക പണ്ഡിതരും പ്രവാചക കുടുംബാങ്ങങ്ങളുമായ സയ്യിദ് ഹബീബ് ഉമർ ബിൻ ഹാമിദ് അൽ ജീലാനി മക്ക, സയ്യിദ് ഹബീബ് അബൂബക്കർ അൽ അദനി ബിൻ ജീലാനി യമൻ, ഹയ്യിദ് ഹബീബ് ജിഫ്‌രി യെമൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. മർകസ് പ്രസിഡന്റ് സയ്യിദ് അലി ബാഫഖി തങ്ങൾ പ്രാർത്ഥന നടത്തി. മർകസ് വൈസ് പ്രസിഡന്റ് സയ്യിദ് സൈനുൽ ആബിദീൻ ബാഫഖി അധ്യക്ഷത വഹിച്ചു. കേരള മുസ്‌ലിം ജമാഅത്ത് സംസ്ഥാന ജനറൽ സെക്രട്ടറി സയ്യിദ് ഇബ്രാഹീമുൽ ഖലീലുൽ ബുഖാരി മുഖ്യപ്രഭാഷണം നടത്തി.കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ കട്ടിപ്പാറ, സി മുഹമ്മദ് ഫൈസി, ഡോ മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി പ്രസംഗിച്ചു. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി നൂറു കണക്കിന് സാദാത്തീങ്ങൾ ഓൺലൈനിൽ നടത്തിയ സമ്മേളനത്തിൽ പങ്കെടുത്തു.

## ഡോ. റഊസ അൻസാരിക്കും കുടുംബത്തിനും തണലൊരുക്കി മർകസ്

ഉന്നത വിദ്യാഭ്യാസവും ഡോക്ടറേറ്റും നേടിയിട്ടും ഇൻഡോർ തെരുവിൽ പഴവില്പന നടത്തി ഉപജീവനം നടത്തുന്ന ഡോ റഊസ അന്സാരിക്കു ജോലി വാഗ്ദാനവുമായി മർകസ്. കഴിഞ്ഞയാഴ്ച തെരുവിലെ കച്ചവടക്കാരെ നിർബന്ധമായി ഒഴിപ്പിക്കാൻ ശ്രമം നടന്നപ്പോൾ ഇവർ ഇംഗ്ലീഷിൽ മാധ്യമങ്ങളോട് സംസാരിച്ച സംഭവം ദേശീയ രംഗത്ത് വൈറലായിരുന്നു. ആര് തനിക്കു ജോലി തരും എന്നും റഊസ അൻസാരി ചോദിച്ചിരുന്നു. ഇൻഡോർ മർകസ് സ്കൂളിൽ ജോലിയും, അവരുടെ കുടുംബത്തിലെ കുട്ടികൾക്ക് പഠിക്കാനാവശ്യമായ സഹായങ്ങളും മർകസ് പ്രതിനിധികൾ വാഗ്ദാനം നൽകി. സോഷ്യൽ മീഡിയയിലൂടേ ഇവരെ കുറിച്ചുള്ള വാർത്ത ശ്രദ്ധേയമായതോടെ ഇൻഡോറിലെ മർകസ് പ്രതിനിധികളായ സയ്യിദ് നാസിം അലി, നദീം ബുൾറ്റാനി, അനീസ് കാദിരി തുടങ്ങിയവർ ഇവരെ സന്ദർശിച്ച മർകസ് വാഗ്ദാനങ്ങൾ അറിയിച്ചു. കുടുംബത്തിലെ അനാഥ കുട്ടികളെ മർകസ് ഏറ്റെടുക്കാം എന്നും അവർ അറിയിച്ചു.
27 അംഗങ്ങളുള്ള തന്റെ കുടുബത്തിലെ പ്രാരാബ്ദങ്ങളാണ് കുടുംബത്തിലെ മറ്റുള്ളവരോടൊപ്പം പഴക്കാച്ചവടത്തിനു ഇറങ്ങാൻ റഊസ അൻസാരിയെ നിർബന്ധിതയാക്കിയത്. മൂന്നാം ക്ലാസ്സ് മുതൽ പിതാവിനോടൊപ്പം തെരുവോര കച്ചവടത്തിനു പോകുമായിരുന്നെങ്കിലും പഠനത്തോടുള്ള താല്പര്യം കൊണ്ട് ഇൻഡോറിലെ ദേവി അഹില്യാ വിശ്വ വിധ്യാലയത്തിലെ സ്കൂൾ ഒഫ് എഞ്ചിനിയറിങ് ആന്റ് സയൻസിൽ നിന്ന് മറ്റീരിയൽ സയൻസിൽ കീഴിൽ 2011 മാർച്ചിൽ ഡോക്ടറേറ്റ് നേടി. തുടർന്നാണ് ഇവർ ജോലി ലഭിക്കാതെ കച്ചവടത്തിനിറങ്ങിയത്.

# മർകസ് നോളജ് സിറ്റിയിൽ പ്രവാസികൾക്കായി പുതിയ സംരംഭങ്ങൾ ഒരുങ്ങുന്നു

കോവിഡ് 19 കാരണം ജോലി നഷ്ടപ്പെട്ട് പ്രവാസ ലോകത്തു നിന്ന് മടങ്ങി വരുന്നവർക്ക് ആശ്വാസമായി മർകസ് നോളജ് സിറ്റിയുടെ കീഴിൽ ബൃഹത്തായ പദ്ധതികൾ ഒരുങ്ങുന്നു. നൂതനമായ കാർഷിക പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധേയമായ മസ്റ പദ്ധതി വികസിപ്പിച്ചുകൊണ്ടാണ് സ്വയം സംരഭകത്വ സംവിധാനം ആവിഷ്കരിക്കുന്നത്. കാർഷികോല്പ്പാദനം, ഭക്ഷ്യ സംസ്കരണം, ചെറുകിട, ഇടത്തര വ്യവസായങ്ങൾ, എന്നിവയിൽ പ്രവാസികൾക്ക് നിക്ഷേപിക്കുകയും യൂണിറ്റുകൾ തുടങ്ങുകയും ചെയ്യാം. പഴം, പച്ചക്കറി, മറ്റു ഭക്ഷ്യ ഉല്പ്പന്നങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉല്പ്പാദിപ്പിക്കുന്നതിനും തൊഴിലധിഷ്ഠിതമായ സ്വയം സംരംഭകത്ത്വം വളർത്തിയെടുക്കുന്നതിനുമുള്ള പരിശീലനവും നൊളേജ് സിറ്റിയിൽ സംഘടിപ്പിക്കും. സ്വയം ഉല്പ്പാദിപ്പിക്കുന്ന കാർഷിക വസ്തുക്കളെ സംസ്കരിച്ച് ധാന്യപ്പൊടികളും, മസാലക്കൂട്ടുകളും മറ്റു ഭക്ഷ്യ ഉല്പ്പന്നങ്ങളുമാക്കി മാറ്റുന്ന "ഫുഡ് ക്ലസ്റ്റർ" സവിധാനവും പദ്ധതിയുടെ ഭാഗമാണ്. സ്വയം നിക്ഷേപകരായ പ്രവാസികൾക്ക് കൃഷി ചെയ്യാനുള്ള സ്ഥലം 'ഫുഡ് പാർക് എന്ന കൃഷിയിടത്തിലൂടെ നല്കുകയും ചെയ്യും. ചെറുകിട വ്യവസായികൾക്കായി സാനിറ്റൈസർ, മാസ്കുകൾ, പി.പി.ഇ കിറ്റുകൾ തുടങ്ങിയ ഉല്പ്പന്നങ്ങൾ ലൈസൻസോടുകൂടി നിർമ്മിക്കാനുള്ള സൗകര്യങ്ങളും ലഭ്യമാക്കും. കൂടാതെ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വ്യവസായിക നിർമ്മാണത്തിനും, വിതരണത്തിനുമുള്ള സാധ്യതകളും, പരിശീലനവും നല്കി സംരംഭകരെ വളർത്തിയെടുക്കാനും പദ്ധതി ലക്ഷ്യമിടുന്നു. പ്രവാസികൾ സ്വതവെയും പ്രവാസ ജീവിതത്തിലും ആർജ്ജിച്ചെടുത്ത കഴിവുകൾ പ്രാവർത്തികമാക്കുന്നതിനുള്ള ചുറ്റുപാടുകൾ തുറന്നുകൊടുക്കുന്നതോടൊപ്പം തൊഴിൽ മാത്രം അഗ്രഹിക്കുന്നവർക്ക് നോളേജ് സിറ്റിയുടെ കീഴിലുള്ള തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുകയും മറ്റു മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യും. കാർഷിക മേഖലയുടേ നേതൃത്വം അബൂദാബിയിലെ മുൻ പ്രവാസിയായിരുന്ന ഹനീഫ മേലാറ്റൂർ വഹിക്കും . ഭക്ഷ്യ സംസ്കരണ മേഖലയുടെ ചുമതല മുൻ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി റിടയർ ചെയ്ത ജനാബ് സയ്യിദ് മുഹാമ്മദ് നിർവ്വഹിക്കും. ഇൻഡസ്ട്രിയൽ പാർക്-മീഡീയം ആന്റ് സ്മോൾ സ്കെയിൽ ഇന്നൊവേഷൻ ആന്റ് റിസേർച് സെന്ററിന്റെ രക്ഷാധികാരിയായി .ഡോ. നിസാം അയ്ദറൂസി ചുമതല ഏറ്റു. മർകസ് നോളേജ് സിറ്റിയുടെ വളർച്ചക്ക് പ്രധാനമായ പങ്ക് വഹിച്ച പ്രവാസി സമൂഹത്തിന് അവരുടെ സേവനങ്ങൾക്കുള്ള ഒരു അംഗീകാരവും സാമ്പത്തിക പ്രതിസന്ധിയുടെ ഈ കാലത്ത് മർക്കസ് നല്കുന്ന പരിരക്ഷയുമാണ് ഈ പദ്ധതി എന്ന് നോളജ് സിറ്റി ഡയറക്ടർ ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി , ഡോ. സി.ഇ.ഒ അബ്ദുസ്സലാം എന്നിവർ പറഞ്ഞു.

# വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്തു

സ്നേഹം കൊടുത്ത് പുഞ്ചിരി നേടാം എന്ന കാപ്ഷനിൽ മർകസ് ഗാർഡൻ ഗ്ലോബൽ സ്റ്റുഡൻറ്സ് വില്ലേജ് അലുംനി അസോസിയേഷൻ സംഘടിപ്പിച്ച വിദ്യാർത്ഥികൾക്കുള്ള പഠനോപകരണ കിറ്റുകളുടെ വിതരണോദ്ഘാടനം ഡയറക്ടർ, ഡോ. അബ്ദുൽ ഹകീം അസ്ഹരി നിർവ്വഹിച്ചു. ബാഗ്, നോട്ടു പുസ്തകങ്ങൾ, ജ്യോമട്രി ബോക്സ്, പേന, പെൻസിൽ തുടങ്ങി ഒരു വിദ്യാർത്ഥിക്ക് ആവശ്യമായ പഠനോപകരണങ്ങൾ കിറ്റിൽ അടങ്ങിയിട്ടുണ്ട്. അമ്പതോളം കിറ്റുകളാണ് വിതരണം നടത്തിയത്. ഗ്ലിസ്ഥാനി അലുംനി അസോസിയേഷന് കീഴിൽ നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും മാതൃകാപരവും സമൂഹത്തിന് ഉപകാരപ്രദവും ആണെന്ന് ഡയറക്ടർ, ഡോ. അബ്ദുൽ ഹകീം അസ്ഹരി പ്രശംസിച്ചു. അലുംനി അസോസിയേഷനും കൂട്ടായ പ്രവർത്തനങ്ങൾക്കും അദ്ദേഹം ആശംസകൾ നേരുകയും സന്തോഷങ്ങളറിയിക്കുകയും ചെയ്തു.മർകസ് നോളജ് സിറ്റിയിൽ വെച്ച് നടന്ന ചടങ്ങിൽ പ്രിൻസിപ്പൽ നൗഫൽ ഹസൻ നൂറാനി, ഫാക്കൽറ്റി റാഫി നൂറാനി, ഗ്ലിസ്ഥാനി അസോസിയേഷൻ ജനറൽ സെക്രട്ടറി നാഫിഅ് ഗ്ലിസ്ഥാനി എന്നിവർ സംബന്ധിച്ചു.